16. തൊഴിലാളികൾക്ക് ആനുകൂല്യങ്ങൾ

11.46 AM]

ശ്രീ. പി. കെ. ബഷീർ: സർ, ഫോറസ്റ്റ് വകുപ്പിന്റെ കീഴിൽ നിലമ്പൂരിൽ പ്രവർത്തിച്ചുവരുന്ന സ്റ്റേറ്റ് വുഡ് ഇൻഡസ്ട്രീസ് സർക്കാരിന്റെ ഉത്തരവുപ്രകാരം 2009-ൽ അടച്ചുപൂട്ടി. തൊഴിലാളികളുടെ വി.ആർ.എസ്, ഗ്രാറ്റുവിറ്റി, ലോക്കൗട്ട് വേജസ് തുടങ്ങിയ ആനുകൂല്യങ്ങൾ നൽകി പിരിച്ചുവിടാൻ തീരുമാനിച്ച് ആറുകൊല്ലം കഴിഞ്ഞിട്ടും ആകെ 65 ലക്ഷം രൂപയാണ് എൺപതോളം തൊഴിലാളികൾക്ക് കൊടുത്തിട്ടുള്ളത്. ഇവരെ പിരിച്ചുവിട്ട് ആനുകൂല്യങ്ങൾ കൊടുക്കാനായി ആകെ വേണ്ടത് 3 കോടിരൂപയാണ്. അടുത്തകാലത്ത് അവിടത്തെ യന്ത്രസാമഗ്രികൾ വിറ്റ വകയിൽ രണ്ടുകോടിയിലധികം രൂപ ലഭിച്ചു. എത്രയുംവേഗം ഈ തൊഴിലാളികൾക്ക് കൊടുക്കാനുള്ള ആനുകൂല്യങ്ങൾ നൽകി പ്രശ്നം അവസാനിപ്പിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. കഴിഞ്ഞ ആറുവർഷമായി ഇതിനൊരു തീരുമാനമാകാതെ നിൽക്കുകയാണ്. വി.ആർ.എസ്. ഗ്രാന്റാണ് കൊടുക്കേണ്ടത്. തൊഴിലാളികൾക്ക് ഇതല്ലാതെ ജീവിക്കാൻ വേറെ മാർഗ്ഗമൊന്നുമില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇക്കാര്യത്തിൽ താൽപ്പര്യമെടുത്ത് ഓണത്തിനുമുമ്പ് ഇവരുടെ ആനുകൂല്യങ്ങൾ കൊടുക്കാനുള്ള നടപടി സ്വീകരിക്കണം. കാര്യങ്ങളെല്ലാം ചർച്ച ചെയ്ത് തീരുമാനിച്ചതാണ്, ഫണ്ടും അവിടെയുണ്ട്. ഫണ്ടിൽനിന്നും തൊഴിലാളികളുടെ ആനുകൂല്യങ്ങൾ കൊടുക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

11.47 AM]

വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി (ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ): സർ, ഇതൊരു പഴയ കേസ്സാണ്. 24-2-2009 മുതൽ തുടങ്ങിയതാണ്. മാറിമാറി വന്ന ഗവൺമെന്റുകൾ പലപ്രാവശ്യം ചർച്ച ചെയ്ത് അവസാനം അവരുടെ ആനുകൂല്യങ്ങൾ വി.ആർ.എസ്. ആയി കൊടുക്കാനാണ് തീരുമാനമായത്. പിന്നീട് ആനുകൂല്യങ്ങൾ കൊടുക്കാനുള്ള തീരുമാനത്തിലേയ്ക്ക് വന്നു. അന്ന് അവരുടെ ആനുകൂല്യങ്ങൾ കൊടുക്കുന്നതിന് വേണ്ടിവരുന്ന തുക 95 ലക്ഷം രൂപയായിരുന്നു. ഞാൻ തന്നെ ഇതുമായി ബന്ധപ്പെട്ട് മൂന്ന് മീറ്റിംഗുകൾ വിളിച്ചിട്ടുണ്ടായിരുന്നു. 95 ലക്ഷം രൂപയും ഇപ്പോൾ സാധനസാമഗ്രികൾ വിറ്റ കിട്ടിയ തുകയും കൂടിച്ചേർന്ന ഒരു കോർപ്പസ് എമൗണ്ട് അവിടെയുണ്ട്. ആ തുക എങ്ങനെ വിതരണം ചെയ്യണമെന്ന് യൂണിയൻ നേതാക്കളുമായി ഒരാഴ്ചമുമ്പ്

LIBRARY ARCHIVES Kerala Legislative Assembly

സംസാരിച്ചിരുന്നു. അതുമായി ബന്ധപ്പെട്ട് ഒരു ഫോർമുല സംബന്ധിച്ച് യൂണിയൻ നേതാക്കന്മാർ ഒരു consensus-ലെത്താൻ പറഞ്ഞിരുന്നു. പഴയ ഒരു പ്രൊപ്പോർഷനുണ്ട്. ആ പ്രൊപ്പോർഷൻ അനുസരിച്ചാണോ, ഇവർക്ക് പുതുതായി എന്തെങ്കിലും തീരുമാനമുണ്ടോ എന്നുള്ള കാര്യങ്ങൾ അറിയിക്കുന്നതിനായി യൂണിയൻ നേതാക്കന്മാരോട് അഭ്യർത്ഥിച്ചിരിക്കുകയാണ്. അവരുടെ opinion കൂടി കിട്ടിയാൽ ഉള്ള തുക വിതരണം ചെയ്യാൻ സാധിക്കും. എന്നാലും ചെറിയ തുകയുടെ കുറവുണ്ടാകും. അത് കിട്ടാൻ വേറെ മാർഗ്ഗമെന്താണെന്ന് പരിശോധിക്കണം. ഏതായാലും നമ്മുടെ കൈവശമുള്ള തുക യൂണിയൻ നേതാക്കളുടെ സമ്മതത്തോടെ അവരുടെ ഫോർമുലയുടെ അടിസ്ഥാനത്തിൽ വിതരണം ചെയ്യാൻ ഗവൺമെന്റ് ഒരുക്കമാണ്.

17. മണൽവാരൽ തൊഴിലാളികൾ നേരിടുന്ന പ്രശ്നം

11.49 AM]

ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി: സർ, അംഗീകൃത കടവുകളിൽനിന്ന് മണലെടുക്കുന്ന തൊഴിലാളികൾ തൊഴിലില്ലാത്തതുകാരണം ദുരിതം പേറുന്നത് സംബന്ധിച്ചാണ് ഞാൻ സബ്മിഷനായി ഉന്നയിക്കുന്നത്. ചാലിയാർ പുഴയിൽ നിന്ന് മണലെടുക്കുന്നതിന് പുതുതായി നാല് പഞ്ചായത്തുകൾക്ക് മാത്രമാണ് അനുമതിയുള്ളത്. ഇതുമൂലം മറ്റ് പഞ്ചായത്തുകളിൽ മണൽ വാരാനായി കളക്ടർ അനുവദിച്ച കടവുകളിലെ തൊഴിലാളികൾ ബുദ്ധിമുട്ടിലാണ്. മണ്ഡലത്തിലെ ചാലിയാറിന്റെ തീരത്തുള്ള വാഴയൂർ, വാഴക്കാട്, ചീക്കോട് പഞ്ചായത്തുകളിലായി മുപ്പതോളം അംഗീകൃത കടവുകളിലായി രണ്ടായിരത്തിലധികം തൊഴിലാളികൾ നേരിട്ടും ലോറിതൊഴിലാളികളടക്കം നേരിട്ടല്ലാതെയും ഈ മേഖലയിൽ തൊഴിൽ ചെയ്യുന്നവരാണ്. ഇതിൽ നിന്നുള്ള വരുമാനം കൊണ്ടാണ് ഇവർ കുടുംബം പോറ്റുന്നത്. ഇതിൽ മണ്ഡലത്തിലെ മൂന്ന് പഞ്ചായത്തുകളിൽ വാഴക്കാട് പഞ്ചായത്തിൽ മാത്രമാണ് ചാലിയാർ പുഴയിൽനിന്ന് മണലെടുക്കുന്നതിന് അനുമതിയുള്ളത്. അതിനുള്ള പാസ്സ് ഇതുവരെ നൽകിയിട്ടില്ല. ചില സ്ഥലത്തു മാത്രം അനുവാദം നൽകിയിട്ടുള്ളതുമൂലം തൊഴിലാളികൾക്കിടയിൽ ചേരിതിരിവിന് കാരണമാവുകയും തൊഴിൽ നഷ്ടപ്പെട്ടതുമൂലം തൊഴിലാളികൾ പട്ടിണിയിലാവുകയും ചെയ്തിട്ടുണ്ട്. അതുകൊണ്ട് ചാലിയാറിൽനിന്ന് മണലെടുക്കുന്നതിന് അനുമതിയുള്ള അതുപോലെ മണൽ മുമ്പ് അംഗീകൃതമായി നടത്തിയിരുന്ന കടവുകളിൽനിന്നെടുക്കുന്നതിന് അനുമതിയുണ്ടാകണമെന്ന് അഭ്യർത്ഥിക്കുന്നു. കൂടാതെ പട്ടിണിയിലായ തൊഴിലാളികൾക്ക്, പഞ്ചായത്തിൽ രജിസ്റ്റർ ചെയ്തവർക്കുമാത്രം ബക്രീദ്, ഓണം എന്നിവ പ്രമാണിച്ച് സൗജന്യ റേഷൻ നൽകണമെന്നുകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോടും റവന്യൂ വകുപ്പുമന്ത്രിയോടും അഭ്യർത്ഥിക്കുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly